അഞ്ജന ശശി

# ണിം ണിം ശകടത്തിൽ

കുട്ടിക്കാലത്ത് വീട്ടിൽ കത്ത് കൊണ്ടുവന്നിരുന്ന പോസ്റ്റ്മാനെ ഞാൻ ആരാധനയോടെയാണ് കണ്ടിരുന്നത്.

പോസ്റ്റ്മാന്റെ കാക്കിക്കുപ്പായവും സഞ്ചിയും കണ്ണടയുമൊന്നുമല്ല അയാളുടെ സൈക്കിളായിരുന്നു എന്നെ ഒരു പോസ്റ്റ്മാൻ ഫാനാക്കി മാറ്റിയത്. വീതികുറഞ്ഞ രണ്ട് ചക്രങ്ങൾ മാത്രമുള്ള സൈക്കിൾ എങ്ങനെ ഈ തടിച്ച മാമൻ വീഴാതെ ചവിട്ടുന്നു എന്നതായിരുന്നു ചിന്ത. എനിക്കും അന്ന് ഒരു സൈക്കിളുണ്ടായിരുന്നു. പക്ഷെ അതിന് മൂന്ന് ചക്രങ്ങളുണ്ടായിരുന്നെന്ന് മാത്രം. അതുതന്നെ കഷ്ടപ്പെട്ട് ചവിട്ടിയിരുന്ന ഞാൻ ഇരുചക്രവാഹനം കണ്ട് അന്തംവിട്ട് നിന്നു. പോസ്റ്റുമാമൻ വരുമ്പോൾ ആ സൈക്കിൾ ഞാൻ ഇടക്കിടെ വിശദമായി പരിശോധിക്കും. സൈക്കിളിന്റെ ചക്രങ്ങൾ നിലത്തുതട്ടുന്നത് ആകെ ഒരു വിരൽ വീതിയിൽ തെല്ലിട സ്ഥലത്തു മാത്രം. എന്നിട്ടും വീഴാതെ മുന്നോട്ടുപോകാൻ എങ്ങനെ സാധിക്കുന്നുവെന്ന് പോസ്റ്റ്മമാമനോട് ഞാൻ പലപ്പോഴും ചോദിച്ചു. അതങ്ങനെ പോകുമെന്നായിരുന്നു മറുപടി. അതെങ്ങനെ പോകും എന്നായിരുന്നു എനിക്കും അറിയേണ്ടിയിരുന്നത്. ഉത്തരം കിട്ടാത്ത ഒരു ചോദ്യമായി സൈക്കിൾ അങ്ങനെ മനസ്സിൽ കിടന്നു.

വളരും തോറും സൈക്കിളിനോടുള്ള പ്രിയം വർധിച്ചു. ചേട്ടനും കൂട്ടുകാരും വാടകക്ക് സൈക്കിളെടുത്ത് കറങ്ങുന്നത് കൊതിയോടെ ഞാൻ കണ്ടു നിന്നിട്ടുണ്ട്. ചവിട്ടാൻ പറ്റിയില്ലെങ്കിലും എന്നെ കൂടെ കയറ്റുമോ എന്ന് അന്നൊന്ന് കെഞ്ചി നോക്കി. നടന്നില്ല. എങ്കിലും ഹാന്റിലിന് ബാലൻസ് വേണം, ബ്രെയ്ക്കുണ്ട് എന്നെല്ലാം പഠിച്ചു. തപാൽ വഴി നീന്തൽ പഠിക്കുന്നതുപോലെ. സൈക്കിൾ ചവിട്ട



പതുക്കെപ്പതുക്കെ
ഞാൻ മുന്നോട്ടുനീങ്ങി.
വീടിനടുത്ത്
കുത്തനെ
ഇറക്കമാണ്.
അതു ഞാൻ
ഓർത്തിരുന്നില്ല.
സൈക്കിൾ താനെ
ഇറക്കമിറങ്ങാൻ തുടങ്ങി.
എതിരെനിന്നും ഒരു ബസ്
കത്തിച്ചുവരുന്നു.
പിന്നെ ഞാൻ ഒന്നും
നോക്കിയില്ല.
രണ്ട് കണ്ണുകളും
മുറുക്കി അടച്ചു.

ണമെന്ന മോഹം മാത്രം ബാക്കി...

ചേട്ടൻ പത്താംക്ലാസ് കഴിഞ്ഞ സമയം. അച്ഛൻ ഒരു പുത്തൻ സൈക്കിൾ ചേട്ടന് സമ്മാനിച്ചു. അന്ന് ഞാൻ അഞ്ചാം ക്ലാസിൽ പഠിക്കുന്നു. സുന്ദരിയായ ബി എസ് എ - എസ് എൽ ആർ സൈക്കിൾ എന്റെ വീടിന്റെ മുന്നിൽ ഗമയോടെ നിന്നു. ഒന്നു തൊടണമെങ്കിൽ ചേട്ടന്റെ കാല് പിടിക്കണം. ചവിട്ടിപ്പഠിക്കാൻ അനുവാദം ചോദിച്ചപ്പോൾ ചേട്ടൻ ഓടിച്ചു. അതോടെ എനിക്ക് വാശിയും വർധിച്ചു.

ചേട്ടൻ ഇല്ലാത്ത നേരം നോക്കി ഞാൻ ഒറ്റക്ക് സൈക്കിളിൽ വലിഞ്ഞ് കയറും. ഒരു കൈ ഹാന്റിലിനു മുകളിലും ഒരു കൈ മതിലിലും കുത്തി ഞാൻ സൈക്കിൾ പതുക്കെ ചവിട്ടും. ചിലപ്പോൾ വീഴും. ചേട്ടൻ കണ്ടുപിടിച്ചതോടെ അതും അവസാനിച്ചു.

അക്കാലത്ത് നാട്ടിൽ സൈക്കിൾ ചവിട്ടുന്ന ഒരേയൊരു പെൺകുട്ടിയേ ഉണ്ടായിരുന്നുള്ളു. എന്റെ സ്കൂളിൽതന്നെ പഠിച്ചിരുന്ന വിനയ . താമസിയാതെ അവളുമായി ഞാൻ സൗഹൃദത്തിലായി. എന്നെക്കാൾ മൂന്നുവയസ്സിന് മുതിർന്നതാണവൾ. അവളുടെ കൂടെയുള്ള സൈക്കിൾ സവാരി ഞാൻ ഒരു പതിവാക്കി. ഒഴിവുദിനങ്ങളിൽ വേറെ ചില കൂട്ടുകാരികളുടെ വീടുകളിൽ ഞങ്ങൾ കയറിയിറങ്ങും. വയലിനു സമീപമുള്ള റോഡിലൂടെ എന്നെയും വെച്ച് അവൾ ചവിട്ടിനീങ്ങും. നല്ല രസകരമായ യാത്രകളായിരുന്നു അത്.

അങ്ങനെയിരിക്കെ ഒരു ദിവസം അവളോട് ഞാൻ എന്റെ സൈക്കിൾമോഹം പറഞ്ഞു. സന്തോഷത്തോടെ അവൾ എന്നെ പഠിപ്പിക്കാമെന്നും ഏറ്റു. ഞങ്ങൾ രണ്ടുപേരും അതിനുപറ്റിയ സ്ഥലവും കണ്ടെത്തി. പാടം കഴിഞ്ഞാൽ നീണ്ട ഇടവഴിയാണ്. അതുതന്നെ പറ്റിയ സ്ഥലം. മനസ്സിൽ അവളെ ഗുരുവായി കണ്ട് ദൈവമേ താഴെ വീഴിക്കല്ലെ എന്ന് മനസ്സിൽ പറഞ്ഞ് സൈക്കിളിൽ കയറി. നേരത്തെ കുറെക്കാലം ചേട്ടന്റെ സൈക്കിളിൽ അഭ്യാസം നടത്തിയതിനാൽ ഹാന്റിൽ ബാലൻസിംഗ് അത്രപ്രശ്നമായില്ല. ആദ്യത്തെ ദിവസം കുഴപ്പമില്ലാതെ അവളുടെ സഹായത്താൽ ചവിട്ടി. കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ അവളുടെ കൈവിട്ടാലും ചവിട്ടാമെന്ന സ്ഥിതിയായി. ഇനി എല്ലാവരുടെ മുന്നിലും ഒന്ന് ഗമകാണിക്കണം. സൈക്കിൾ റോഡിലേക്കിറക്കി. കുറച്ചുകൂടി കഴിഞ്ഞു മതി റോഡിലേക്കെന്ന് വിനയ പറയുന്നുണ്ടായിരുന്നു. എന്നാൽ ഞാനത് ചെവിക്കൊണ്ടില്ല. എന്റെ ധൈര്യം കണ്ട് അവളും സമ്മതിച്ചു. പതുക്കെപ്പതുക്കെ ഞാൻ മുന്നോട്ടുനീങ്ങി. വീടിനടുത്ത് കുത്തനെ ഇറക്കമാണ്. അതു ഞാൻ ഓർത്തിരുന്നില്ല. സൈക്കിൾ താനെ ഇറക്കമിറങ്ങാൻ തുടങ്ങി. എതിരെനിന്നും ഒരു ബസ് കത്തിച്ചുവരുന്നു. പിന്നെ ഞാൻ ഒന്നും നോക്കിയില്ല. രണ്ട് കണ്ണുകളും മുറുക്കി അടച്ചു. വിനയ പുറകെ ഓടി വന്നതുമാത്രം ഓർമയുണ്ട്.

കണ്ണടച്ചെങ്കിലും കൃത്യമായി വീടിനുമുമ്പിൽത്തന്നെയാണ് എത്തിയതെന്ന് കണ്ണുതുറന്ന് ചമ്മി എഴുന്നേൽക്കുമ്പോൾ എനിക്ക് മനസ്സിലായി. എന്തിനാ മോളെ അറിയാത്ത പണിക്ക് പോകുന്നതെന്ന് അടുത്ത വീട്ടിലെ സതീഷേട്ടൻ ചോദിച്ചതോടെ ചമ്മൽ മുഴുവനായി. വഴിയെ പോകുന്നവരെല്ലാം ആദ്യം പേടിച്ചെങ്കിലും പിന്നീട് പരിഹാസച്ചിരിയോടെ നടന്നുപോയി. ഞാൻ വിനയയെനോക്കി. നിലത്തുവീണ പുതിയ സൈക്കിളും പിടിച്ച് അവൾക്ക് പറ്റിയ അബദ്ധമോർത്ത് സങ്കടത്തോടെ അവളെന്നെ നോക്കി. എന്റെ വീഴ്ചയല്ല സൈക്കിളിന്റെ വീഴ്ചയാണ് അവളിൽ സങ്കടമുണ്ടാക്കിയതെന്ന് വ്യക്തം. കൈയിലെയും കാൽമുട്ടിലെയും മുറിവും അതിന് അകമ്പടിയായി ചേട്ടന്റെ കൂവലും കൂടിയായപ്പോൾ എന്റെ ചമ്മൽ പതുക്കെ കരച്ചിലായി. അന്നുതീരുമാനിച്ചു. ഇനി ഈ പരിപാടിക്ക് ഞാനില്ല.

വർഷങ്ങൾ കഴിഞ്ഞ് ബൈക്കും കാറുമോടിക്കാൻ പഠിച്ചുകഴിഞ്ഞപ്പോഴും സൈക്കിൾമാത്രം ഒരു പിടികിട്ടാപ്പുള്ളിയായി വിലസുന്നു. ഒരു വീഴ്ചയുടെയോ ചമ്മലിന്റെയോ സ്മരണകളാണോ.... അറിയില്ല.... യന്ത്രമില്ലാതെ കാൽപ്പെരുമാറ്റത്തിന്റെ പിൻബലത്തിൽ കുതിക്കുന്ന സൈക്കിളെന്ന ണിം ണിം ശകടത്തിൽ കയറേണ്ട കാര്യമാലോചിക്കുമ്പോൾ ഞാനിപ്പോഴും വിയർക്കും.... അന്നത്തെ സൈക്കിൾ പഠിത്തം മറക്കാത്ത ചിരിയായി മനസ്സിൽ അവശേഷിക്കുമ്പോഴും... ●